"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - പാലക്കാട് തൊണ്ടിക്കുളം എൻ.ടി.യു.പി. സ്കൂളിലെ യു.പി.എസ്.ടി. ശ്രീമതി. ശ്രീലക്ഷ്മി കെ., ശ്രീമതി. ധന്യ പി.വി. എന്നിവർ ചേർന്ന് ബഹു. കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത WP(C) No. 9948/2025 ലെ 13/03/2025 തീയതിയിലെ വിധിന്യായം പാലിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസം (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.974/2026/GEDN** തീയതി, തിരുവനന്തപുരം, 02-02-2026

---

പരാമർശം:-

1. ശ്രീമതി. ശ്രീലക്ഷ്മി കെ., യു.പി.എസ്.ടി., എൻ.ടി.യു.പി. സ്കൂൾ, തൊണ്ടിക്കുളം സമർപ്പിച്ച 17/12/2024 തീയതി റിവിഷൻ ഹർജി (എക്സിബിറ്റ് പി4).
2. ശ്രീമതി. ധന്യ പി.വി., യു.പി.എസ്.ടി., എൻ.ടി.യു.പി. സ്കൂൾ, തൊണ്ടിക്കുളം സമർപ്പിച്ച 17/12/2024 തീയതി റിവിഷൻ ഹർജി (എക്സിബിറ്റ് പി7).
3. WP(C) No. 9948/2025 ലെ ബഹു. കേരള ഹൈക്കോടതിയുടെ 13/03/2025 തീയതിയിലെ വിധിന്യായം.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 17/07/2025 തീയതിയിലെ DGE/1934/2025-G1 നമ്പർ കത്ത്.
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 12/11/2025 തീയതിയിലെ DGE/1940/2025-G1 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് തൊണ്ടിക്കുളം എൻ.ടി.യു.പി. സ്കൂളിലെ ശ്രീമതി. ശ്രീലക്ഷ്മി കെ., യു.പി.എസ്.ടി. ഒന്നാം കക്ഷിയായും, ശ്രീമതി. ധന്യ പി.വി., യു.പി.എസ്.ടി. രണ്ടാം കക്ഷിയായും ഫയൽ ചെയ്ത റിട്ട് ഹർജി WP(C) No. 9948/2025 യിൽ ബഹു. ഹൈക്കോടതിയുടെ പരാമർശം (3) വിധിന്യായത്തിൽ ടി കക്ഷികൾ സർക്കാർ മുൻപാകെ സമർപ്പിച്ചിട്ടുള്ള പരാമർശം (1), (2) പുന:പരിശോധന ഹർജികൾ പരിഗണിച്ച് നാല് മാസത്തിനകം ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതിന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരിക്കുന്നു.

**2. ശ്രീമതി. ശ്രീലക്ഷ്മി കെ - യുടെ Ext P4 പുന:പരിശോധന ഹർജിയിലെ വാദം ഇപ്രകാരമാണ്.**

ശ്രീമതി. ശ്രീലക്ഷ്മി കെ. 09.10.2020 ൽ യു.പി.എസ്.ടി ആയി ഈ വിദ്യാലയത്തിൽ

നിയമിക്കപ്പെട്ടതാണ്. ശ്രീമതി മേരി ടി.ടി എന്ന യു.പി.എസ്.ടി 31.3.2020 ൽ വിരമിച്ചപ്പോൾ ലഭ്യമായ ഒഴിവിലാണ് ടിയാളെ നിയമിച്ചിട്ടുള്ളത്. എന്നാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നിർദ്ദേശിച്ച പ്രകാരം നിയമന തീയതി 15.7.2021 മുതൽക്ക് മാറ്റിക്കൊണ്ട് പുതിയ നിയമന അപേക്ഷ സമർപ്പിച്ചു. 15.7.2021 ൽ സ്കൂൾ അൺ ഇക്കണോമിക് എന്ന കാരണത്താൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 23.9.2021 ലെ ഉത്തരവ് പ്രകാരവും അപ്പീൽ ഹർജി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 15.3.2022 ലെ ഉത്തരവ് പ്രകാരവും നിരസിക്കപ്പെട്ടു. അവസാനമായി ടിയാളുടെ നിയമനം 3.6.2024 മുതൽക്ക് ശ്രീ. ശിവരാമകൃഷ്ണൻ യു.പി.എസ്.ടി - യെ 1.4.2024 മുതൽ പ്രധാനാദ്ധ്യാപകനായി സ്ഥാനക്കയറ്റം നൽകിയപ്പോൾ ലഭിച്ച ഒഴിവിലേക്ക് മാറ്റി നിയമിക്കുകയും 3.6.2024 മുതൽ ദിവസവേതന അടിസ്ഥാനത്തിൽ അംഗീകാരം ലഭിക്കുകയും ചെയ്തു. 2020-21 - ൽ സ്കൂളിലെ 1 മുതൽ 7 വരെ ക്ലാസ്സുകളിലെ അംഗസംഖ്യ 135 ആകയാൽ ജി.ഒ.(പി) നം. 213/2015 പൊ.വി.വ. തിയതി 6.8.2015 ൽ പരാമർശിച്ച പ്രകാരം സർക്കാരിന്റെ ജെ2/58604/2012 പൊ.വി.വ. തിയതി 6.11.2012 സർക്കുലർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ക്ലാസ്സ് ആവറേജ് 15 ൽ കൂടുതൽ ഉള്ളതിനാൽ നിയമനം 9.10.2020 മുതൽ റഗുലർ ശമ്പള സ്കെയിലിൽ അംഗീകരിക്കപ്പെടേണ്ടതാണ്. 2021-22 ൽ സ്കൂൾ ആദായകരമായ സ്കൂളിന്റെ നിലവാരത്തിലേക്ക് ഉയർന്നതിനാൽ തുടർ സേവനകാലം യാതൊരു തടസ്സവുമില്ലാതെ റഗുലർ ശമ്പള സ്കെയിലിൽ തുടരുവാൻ എനിക്കർഹതയുണ്ട്.

പാലക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി/755266/2024 തീയതി 28.10.2024 പ്രകാരം ശ്രീമതി. ശ്രീലക്ഷ്മി കെ., യു.പി.എസ്.ടി.യുടെ നിയമനം 03.06.2024 മുതൽ ദിവസവേതനത്തിൽ നിയമനാംഗീകാരം നൽകിയതാണ്. ആയത് ഭേദഗതി ചെയ്ത് 09.10.2020 മുതൽ റഗുലർ ശമ്പള1 സ്കെയിലിൽ അംഗീകരിക്കേണ്ടതാണെന്നും ടിയാളെ യു.പി.എസ്.ടി തസ്തികയിൽ ഉൾപ്പെടുത്തിയുള്ള സ്റ്റാഫ് പാറ്റേൺ നിയമപരമായി അനുവദനീയമായതിനാലും 2021-22 മുതൽ സ്കൂൾ ആദായകരമായ പട്ടികയിലേക്ക് മാറുന്നതിനാലും ഭിന്നശേഷിക്കായി മാനേജ്മെന്റ് ഒരു എൽ.പി.എസ്.ടി തസ്തിക മാറ്റിവച്ചതിനാലും ടിയാളുടെ നിയമനാംഗീകാരം 09.10.2020 മുതൽ ജെ2/58604/2012 പൊ.വി.വ തീയതി 6.11.2012, ജി.ഒ.(പി) നം. 213/2015 പൊ.വി.വ. തീയതി 06.08.2015, ഗവ. സർക്കുലർ നം. എച്ച്2/15133/2023 (1) തീയതി 30.11.2024 എന്നിവയുടെ അടിസ്ഥാനത്തിൽ ശമ്പള സ്കെയിലിൽ നിയമനാംഗീകാരം നൽകി ഉത്തരവാകണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

2021-22 ൽ 1 മുതൽ 7 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികളുടെ അംഗസംഖ്യ 251 ആയതുകൊണ്ട് സ്കൂളിന്റെ പദവി ആദായകരമായ സ്കൂൾ എന്ന പട്ടികയിലേക്ക് മാറ്റപ്പെടുകയും എരിക്കുന്നു. ന്റെ നിയമനാംഗീകാരം സ്വതന്ത്രമായിത്തന്നെ ശമ്പള സ്കെയിലിൽ യാതൊരു തടസ്സവും കൂടാതെ ഇപ്പോഴും തുടരുവാനുള്ള നിയമ സംരക്ഷണം എനിക്ക് അർഹതപ്പെട്ടതും അവകാശമുള്ളതാണ്. ഇക്കാര്യങ്ങളെല്ലാം വിസ്മരിച്ച കൊണ്ട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ലഭിച്ച നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 15.7.2021 മുതൽക്കും 3.6.2024 മുതൽക്കും എന്നെ തുടരെ തുടരെ മാറ്റിനിയമിച്ച മാനേജരുടെ നടപടി നിയമവിരുദ്ധമാണ്. ഈ 2 മാറ്റിനിയമനങ്ങളും അപ്രസക്തമാണ്.

2021 വർഷം ആറാമത്തെ പ്രവൃത്തി ദിവസം മുതൽ സ്കൂൾ ആദായകരമായ സ്കൂൾ എന്ന പദവിയിലേക്ക് ഉയർന്നിരുന്നു. എന്നാലും 2019-20 ലെ തസ്തിക നിർണ്ണയം തന്നെ 2020-21, 2021-22 വർഷങ്ങളിൽ തുടർന്നു എന്നുള്ളതു കൊണ്ട് 2020-21, 2021-22 എന്നീ വർഷങ്ങളിൽ സ്കൂളുകളിൽ ത.സ്തികകളെ അരിക്കുന്നു. നുവദിച്ചിട്ടില്ല എന്ന തരത്തിൽ വ്യാഖ്യാനിക്കുന്നതും ഈ വർഷങ്ങളിലുണ്ടായ കുട്ടികളുടെ1 വർദ്ധനയെ തമസ്കരിച്ചുകൊണ്ട് നിയമത്തിനകത്ത് ലഭ്യമായ ആനുകൂല്യങ്ങൾ എനിക്ക് നിഷേധിക്കപ്പെടാൻ പാടില്ലാത്തതാണ്.

(1). അസ്സിസ്റ്റൻറ് ടീച്ചർ തസ്തികയിൽ 3 )ം ക്ലാസ്സ് ടീച്ചറായിരുന്ന ഫിലോമിന. ഇ.എ 6.10.2013 ൽ ജി.യു.പി.എസ്. പുത്തൂരിലേക്ക് ഡിപ്ലോയ് ചെയ്യപ്പെട്ടശേഷം 5.6.2017 ന് തിരികെ വന്ന് യു.പി.എസ്.ടി തസ്തികയിൽ തെറ്റായി നിലനിന്നതായി കാണുന്നത് തിരുത്തപ്പെടേണ്ട തകരാറാണ്. അവർ 5.6.2017 മുതൽ 31.05.2023 ൽ വിരമിക്കുന്നതുവരെ എൽ.പി.എസ്.ടി തസ്തികയിൽ നിലനിർത്തിക്കാണേണ്ടതാണ്. ഫിലോമിന.ഇ.എ 15.07.2021 ന് തന്നെ എൽ.പി.എസ്.ടി തസ്തികയിൽ നിലനിൽക്കുവാൻ തയ്യാറാണ് എന്ന് മാനേജരെ അറിയിച്ചിട്ടുള്ളതുമാണ്. ഇരവാവർ എൽ.പി.എസ്.ടി.യിൽ നിലനിർത്തേണ്ടതാണ്.

(2) ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി/2998/90 തിയതി 27.08.1990 ലെ ഉത്തരവ് പ്രകാരം 5.6.1990 മുതൽ യു.പി.എസ്.ടി ആയി ശ്രീമതി ഉഷ.സി - യ്ക്ക് ക്ക് അംഗീകാരം ലഭിച്ചതാണ്. ശ്രീമതി. ഉഷ.സി പുനർ വിന്യസിക്കയും 5.6.2018 മാതൃവിദ്യാലയത്തിൽ തിരികെ വരുമ്പോൾ യു.പി.എസ്.ടി തസ്തികയിൽ തന്നെ നിലനിർത്തേണ്ടതിന് പകരം എൽ.പി.എസ്.ടി ആയി നിലനിർത്തിയതും തിരുത്തപ്പെടേണ്ട തെറ്റാണ്. ഇവർ യു.പി.എസ്.ടി - യിൽ നിലനിർത്തേണ്ടതാണ്. 2020-21, 2022-23 എന്നീ വർഷങ്ങളിൽ പ്രധാനാദ്ധ്യാപകരായി സ്ഥാനക്കയറ്റം ലഭിച്ചവർ എൽ.പി.എസ്.ടി മാരായതിനാൽ റെജിമോൾ V/s എന്ന കോടതി വിധി പ്രകാരം സ്റ്റാഫ് പാറ്റേൺ ക്രമീകരിക്കേണ്ടതാണ്.

(3) റെജിമോൾ V/s എ.ഇ.ഒ കെ.എൽ.ടി നം. 2004 (2) കെ.എൽ.ടി 8 എന്ന വിധി 2019-20, 2020-21, 2021-22, 2022-23 എന്നീ വർഷങ്ങളിലെല്ലാം തന്നെ നടപ്പിലാക്കേണ്ടതാണ്. വിദ്യാഭ്യാസ ഡയറക്ടറുടെ ആർ.എ.1/18856/23 ഡി.ജി.ഇ തിയതി 20.12.2023 ഉത്തരവിൽ 2022-23 വർഷത്തേക്കു മാത്രമായി പരിമിതപ്പെടുത്തിയത് തെറ്റായ നടപടിയാണ്.

ഒരിക്കൽ തെറ്റായി ഭവിക്കപ്പെട്ട സംഗതികൾ എപ്പോഴായാലും തിരുത്തലിന് വിധേയമാണ് എന്ന് ബഹു. കേരള ഹൈക്കോടതിയുടെ Director state water department V. Sankara Kaimal 2006 (3) KLT AIR 1964 SC 521 . Mathew. V Ramachandran Nair 1974 KLT SN 25 (Page 9) Govindan Nair. C.J Sadasivan. J എന്ന കേസിലും ഉണ്ടായ വിധിന്യായത്തിന്റെ പിൻബലത്തിൽ എൽ.പി.എസ്.ടി തസ്തികയിൽ ജോലി ചെയ്ത് 6.1.2003 ൽ പുനർ വിന്യസിക്കപ്പെട്ട ശ്രീമതി. ഫിലോമിന ഇ.എ - യെ 5.6.2017 ൽ മാതൃ വിദ്യാലയത്തിൽ തിരികെ വന്നപ്പോൾ എൽ.പി.എസ്.ടി തസ്തികയിൽ തന്നെ നിലനിർത്തുകയും ശ്രീമതി. ബിന്ദു രാഘവൻ എൽ.പി.എസ്.ടി പ്രധാനാദ്ധ്യാപകനായി സ്ഥാനക്കയറ്റം ലഭിച്ചപ്പോൾ റെജിമോൾ V/s എ.ഇ.ഒ എന്ന ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ അവരെ എൽ.പി.എസ്.ടി ശ്രേണിയിൽ തന്നെ നിലനിർത്തുകയും ചെയ്തുകൊണ്ട് നിലനിൽക്കുന്നതാണ് മുകളിൽ പറഞ്ഞ

നിയമപരമായ സ്റ്റാഫ് പാറ്റേൺ 2022-23 തസ്തിക നിർണ്ണയത്തിൽ റെജിമോൾ V/s എ.ഇ.ഒ കേസ് നടപ്പിലാക്കിയിട്ടുമുണ്ട്.

മേൽ സാഹചര്യത്തിൽ, പാലക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി/755266/2024 തിയതി 28.10.2024 എന്ന ഉത്തരവ് പ്രകാരം എന്റെ നിയമനം 03.06.2024 മുതൽ ദിവസവേതനത്തിൽ നിയമനാംഗീകാരം നൽകിയതാണ്. ആയത് ഭേദഗതി ചെയ്ത് 9.10.2020 മുതൽ റഗുലർ ശമ്പള സ്കെയിലിൽ അംഗീകരിക്കേണ്ടതാണ്. മേൽ പറഞ്ഞ സ്റ്റാഫ് പാറ്റേൺ നിയമപരമായി അനുവദനീയമായതിനാലും 2021-22 മുതൽ സ്കൂൾ ആദായകരമായ പട്ടികയിലേക്ക് മാറുന്നതിനാലും ഭിന്നശേഷിക്കായി മാനേജ്മെന്റ് ഒരു എൽ.പി.എസ്.ടി തസ്തിക മാറ്റിവെച്ചതിനാലും ശ്രീമതി ശ്രീലക്ഷ്മി കെ - യ്ക്ക് ജെ2/58604/2012 പൊ.വി.വ. തിയതി 6.11.2012, സർക്കാർ ഉത്തരവ് നം. (പി) 213/2015 പൊ.വി.വ. തിയതി 6.08.2015, ഗവ: സർക്കുലർ നം. എച്ച്2/15133/2023 (1) തീയതി 30/11/2024 എന്നിവയുടെ അടിസ്ഥാനത്തിൽ 9.10.2020 മുതൽ ശമ്പള സ്കെയിലിൽ നിയമനാംഗീകാരം നൽകണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

**3. ശ്രീമതി. ധന്യ പി.വി. യുടെ Ext P7 പുന:പരിശോധന ഹർജിയിലെ വാദം ഇപ്രകാരമാണ്.**

തൊണ്ടികുളം എൻ.ടി.യു.പി. സ്കൂളിൽ ശ്രീമതി. ധന്യ പി.വി. യു.പി.എസ്.ടി ആയി 15.07.2021 മുതൽ നിയമിക്കപ്പെട്ടത് ഈ സ്കൂളിലെ യു.പി.എസ്.ടി. ആയ ശ്രീമതി ഉഷ സി. 31.5.2021 ൽ വിരമിച്ച ഒഴിവിലാണ്. ടിയാളുടെ നിയമനം സർക്കാർ ഉത്തരവ് നമ്പർ (പി) നം. 51/2023 പൊ.വി.വ. തിയതി 2.5.2023 ൻറ വെളിച്ചത്തിൽ 15.7.2021 മുതൽ 14.07.2022 വരെ ദിവസവേതനാടിസ്ഥാനത്തിലും 15.07.2022 മുതൽ 35600/- അടിസ്ഥാന ശമ്പളത്തിൽ 35600-75400 എന്ന ശമ്പള സ്കെയിലിലും അംഗീകരിച്ചതാണ്.

എന്നാൽ, അതിന് ശേഷം 26.02.2024 തീയതിയിലെ ഉത്തരവ് പ്രകാരം എന്റെ നിയമനാംഗീകാരം ഭേദഗതി ചെയ്തുകൊണ്ട് 15.07.2022 മുതൽ 955/- രൂപ ദിവസവേതനാടിസ്ഥാനത്തിൽ ഭിന്നശേഷി ഉദ്യോഗാർത്ഥി എൽ.പി.എസ്.ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന്1 വിധേയമായി അംഗീകാരം നൽകുകയായിരുന്നു. ഇത്തരം ഒരു ഭേദഗതി ഉത്തരവിന് കാരണമായി പറഞ്ഞിട്ടുള്ളത് 2019-20 തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം 2 യു.പി.എസ്.ടി തസ്തികകൾ മാത്രമാണ് ഉള്ളതെന്നും അതിൽ ഫിലോമിന.ഇ.എ., ശിവരാമകൃഷ്ണൻ എന്നിവർ യു.പി.എസ്.ടിയിലും ശ്രീമതി. ബിനു രാഘവൻ പ്രധാനാദ്ധ്യാപികയായി യു.പി.എസ്.ടി തസ്തികയിൽ ഒരെണ്ണത്തിൽ തുടരുന്നു എന്നതുമാണ്.

2019-20 തസ്തിക നിർണ്ണയ റിവിഷൻ ഹർജിയിൽ റെജിമോൾ V/s എ.ഇ.ഒ കെ.എൽ.ടി 2004 (2) കെ.എൽ.ടി 8 എന്ന വിധിന്യായം പ്രാബല്യത്തിൽ വരുത്തണം എന്ന മാനേജരുടെ ആവശ്യം 2022-23 വർഷത്തേക്കു മുതൽ മാത്രമായി പരിമിതപ്പെടുത്തിക്കൊണ്ടാണ് പൊതു വിദ്യാഭ്യാസ ഡയറക്ടർ ആർ.എ1/18856/23 തീയതി 29.12.2023 എന്ന ഉത്തരവ് നൽകിയത്. ഇതിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ ഉന്നയിച്ച ന്യായീകരണം 2019-20 ൽ എൽ.പി.എസ്.ടിയിലേക്ക് മാറ്റപ്പെടേണ്ട ബിനു രാഘവൻ എന്ന പ്രധാനാദ്ധ്യാപിക,

എൽ.പി.എസ്.ടിയിലേക്ക് മാറ്റപ്പെടേണ്ടതായ ഫിലോമിന ഇ.എ. എന്നവർ വിരമിച്ച കഴിഞ്ഞു എന്ന വാദഗതിയാണ്. വിരമിച്ച കഴിഞ്ഞവരെ നിയമ പ്രകാരമുള്ള ഒരു പുന:ക്രമീകരണത്തിന് വിധേയമാക്കി കൂടാ എന്ന് കേരള വിദ്യാഭ്യാസ നിയമത്തിലോ, മറ്റ സർക്കാർ ഉത്തരവുകളിലോ വ്യാഖ്യാനമില്ല. അങ്ങനെ ചെയ്യുന്നതുകൊണ്ട് വിരമിച്ച പോയവർക്ക് യാതൊരു ദോഷവും ഉണ്ടാവുന്നുമില്ല. തെറ്റായ വസ്തുത തിരുത്തൽ നടപടിക്ക് എപ്പോഴും വിധേയമാക്കാമെന്നതിനാൽ ഡയറക്ടറുടെ വാദഗതിയെ ഞാൻ ഖണ്ഡിക്കുന്നു. ശ്രീമതി. ശ്രീലക്ഷ്മി കെ. സമർപ്പിച്ച പുന:പരിശോധന ഹർജിയിലെ ഖണ്ഡിക (2) ൽ പരാമർശിച്ചിട്ടുള്ള മൂന്ന് വാദഗതികൾ നിരത്തി സ്കൂളിലെ സ്റ്റാഫ് പാറ്റേൺ പുനർ:നിർണ്ണയിക്കപ്പെടേണ്ടതാണ് എന്ന് ശ്രീമതി. ധന്യ. പി. വി. വാദിക്കുന്നു.

മേൽ സാഹചര്യത്തിൽ, പാലക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ബി/5186/2023 തീയതി 17.07.2023 ഉത്തരവ് പ്രകാരം ശ്രീമതി ധന്യ പി.വി., യു.പി. എസ്.ടി. യുടെ നിയമനം 15.07.2021 മുതൽ ദിവസവേതനത്തിൽ നിയമനാംഗീകാരം നൽകിയതാണ്. ആയത് റഗുലർ സ്കെയിലിൽ അംഗീകരിക്കേണ്ടതാണെന്നും മേൽപ്പറഞ്ഞ സ്റ്റാഫ് പാറ്റേൺ നിയമപരമായി അനുവദനീയമായതിനാലും 2021-22 മുതൽ സ്കൂൾ ആദായകരമായ പട്ടികയിലേക്ക് മാറുന്നതിനാലും ഭിന്നശേഷിക്കായി മാനേജ്മെന്റ് ഒരു എൽ.പി.എസ്.ടി തസ്തിക മാറ്റിവച്ചതിനാലും ശ്രീമതി. ധന്യ പി.വി.യുടെ നിയമനാംഗീകാരം 15.07.2021 മുതൽ ഗവ. സർക്കുലർ നം. ജെ.1ആർ1/502/2023 പൊ.വി.വ തീയതി 01.11.2023 ഡയറക്ടറുടെ സർക്കുലർ നം. എച്ച്2/15133/2023 (1) തീയതി 30.11.2024 എന്നിവയുടെ അടിസ്ഥാനത്തിൽ ശമ്പള സ്കെയിലിൽ നിയമനാംഗീകാരം നൽകി ഉത്തരവാകണമെന്ന് അപേക്ഷിച്ചിരിക്കുന്നു.

**4. തൊണ്ടികുളം എൻ.ടി.യു.പി. സ്കൂൾ മാനേജർ സമർപ്പിച്ചിട്ടുള്ള Ext P8 റിവ്യൂ ഹർജിയിലെ വാദങ്ങൾ ഇപ്രകാരമാണ്.**

ഒരിക്കൽ തെറ്റായി ഭവിക്കപ്പെട്ട സംഗതികൾ എപ്പോഴായാലും തിരുത്തലിന് വിധേയമാണ് എന്ന് Director state water department V. Sankara Kaimal 2006 (3) KLT AIR 1964 SC എന്ന കേസിലും Mathew. V Ramachandran Nair 1974 KLT SN 25 (Page 9) Govindan Nair. C.J Sadasivan. J എന്ന കേസിലെ വിധിന്യായം ഇവിടെ പ്രായോഗികമാക്കിക്കൊണ്ട്, റെജിമോൾ VS AEO KLT no: 2004. (2) KLT 8 എന്നീ ഹൈക്കോടതി വിധി ന്യായം 2019-20 തസ്തിക നിർണ്ണയം മുതൽ നടപ്പിൽ വരുത്തിയും പുനർ വിന്യസിക്കപ്പെട്ട 2 അധ്യാപകരെ (ശ്രീമതി. ഫിലോമിന ഇ.എ. എൽ.പി.എസ്.ടി., ശ്രീമതി ഉഷ സി., യു. പി.എസ്.ടി.) അവരുടെ ഒറിജിനൽ തസ്തികയിൽ തന്നെ നിലനിർത്തി, തെറ്റായ സ്റ്റാഫ് പാറ്റേൺ തിരുത്തി അംഗീകാരം നൽകി ഉത്തരവാകണമെന്നാണ് ഹർജിയിലെ ആവശ്യം.

**4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരാമർ ശം (5) (4) റിപ്പോർട്ടുകളിലെ വാദങ്ങൾ ഇപ്രകാരമാണ്.**

**ശ്രീമതി. ശ്രീലക്ഷ്മി കെ., യു.പി.എസ്.ടി.**

പാലക്കാട് എൻ ടി യു പി എസിലെ UPST ആയ ശ്രീമതി മേരി ടി. ടി 31/03/2020 ന സർവീസിൽ നിന്നും വിരമിച്ച ഒഴിവിലേക്ക് ശ്രീമതി. ശ്രീലക്ഷ്മി കെ - യെ UPST ആയി

09/10/2020 മുതൽ സ്കൂൾ മാനേജർ നിയമിച്ചു. എന്നാൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 13/10/2020 ലെ എച്ച് 2/19500/2019/DGE കത്ത് പ്രകാരം 2020-21 വർഷത്തിൽ സ്കൂൾ തുറക്കാൻ ഉള്ള സാഹചര്യം ഇല്ലാത്തതിനാൽ നിയമനാംഗീകാര പ്രൊപ്പോസലുകൾ തിരികെ നൽകിയിരുന്നു.

പിന്നീട്, മാനേജർ നിയമനം 15.7.2021 മുതൽ എന്നാക്കി അപേക്ഷ പുന:സമർപ്പിച്ചു. എന്നാൽ 2019-20 വർഷത്തിൽ സ്കൂൾ മതിയായ എണ്ണം കുട്ടികൾ ഇല്ലാത്ത സ്കൂൾ ആയതിനാൽ നിയമനം അംഗീകരിച്ചു നൽകുവാൻ നിർവാഹം ഇല്ലാത്തതിനാൽ ഉത്തരവ് നമ്പർ എഫ്/13744/2021/കെ.ഡിസ് തീയതി 23/9/2021 പ്രകാരം നിയമനം നിരസിച്ചു നൽ കി. ഉത്തരവിനെതിരെ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ സമർപ്പിക്കുകയും ഇതേ കാരണത്താൽ പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് നമ്പർ ബി4/195376/2021 തീയതി: 15/3/2022 പ്രകാരം അപ്പീൽ നിരസിച്ചു ഉത്തരവ് നൽകി.

പിന്നീട് സർക്കാർ ഉത്തരവ് നമ്പർ 29/2023 പൊ.വി. വ, തീയതി 24/3/2023 പ്രകാരം ഈ ഫയൽ റീ ഓപ്പൺ ചെയ്തിരുന്നു. എന്നാൽ, നിയമന തീയതിയിൽ യു.പി.എസ്.ടി തസ്തികയിൽ വ്യവസ്ഥാപിതമായ ഒഴിവ് നിലവിൽ ഇല്ലാത്തതിനാൽ ശ്രീമതി. ശ്രീലക്ഷ്മിയുടെ 15/07/2021 മുതലുള്ള നിയമനം ഉത്തരവ് നമ്പർ B/51860/2023 തീയതി 19/7/2023 പ്രകാരം ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിന്നും നിരസിച്ചു ഉത്തരവായി. ഉത്തരവിനെതിരെ മാനേജർ പാലക്കാട് ജില്ല വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ സമർപ്പിച്ചുവെങ്കിലും കെഡിസ് ബി4/200672/2023 തിയ്യതി : 03/11/2023 പ്രകാരം അപ്പീൽ നിരസിച്ചു ഉത്തരവായി.

മതി. ശ്രീലക്ഷ്മി കെ - യ്ക്ക് നിലനിൽക്കാൻ തസ്തിക ലഭ്യമാണെന്ന് ഉറപ്പുവരുത്തി മറ്റു വിധത്തിൽ ക്രമപ്രകാരം ആണെങ്കിൽ മേൽ ഉത്തരവുകൾക്കെതിരെ മാനേജർ പൊ.വി.വ ഡയറക്ടർ മുൻപാകെ സമർപ്പിച്ച റിവിഷൻ അപ്പീലിൽ നടപടി ഉത്തരവ് G1/701776/2024, തീയതി 01/04/2024 പ്രകാരം ശ്രീമതി. ശ്രീലക്ഷ്മി കെ - യ്ക്ക് നിലനിൽക്കാൻ തസ്തിക ലഭ്യമാണെന്ന് ഉറപ്പുവരുത്തി മറ്റു വിധത്തിൽ ക്രമ പ്രകാരം എങ്കിൽ നിയമനം പുന:പരിശോധിക്കാൻ പാലക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് നിർദ്ദേശം നൽകി. ഇതനുസരിച്ച് 6/12/2021 തീയതിയിലെ സർ ക്കാർ ഉത്തരവ് (കൈ) 275/ 2021 പ്രകാരം നിലവിൽ യു.പി.എസ്.ടി. ആയ ശ്രീ.ശിവരാമകൃഷ്ണൻ എൻ-നു എൽ.പി.എസ്.ടി തസ്തികയിലേക്ക് കാറ്റഗറി മാറ്റം നൽകാനാവുമെങ്കിൽ നിയമനം പുന: പരിശോധിക്കാൻ പാലക്കാട് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് നിർദ്ദേശം നൽകിയിരുന്നു.

സ.ഉ. (കൈ) 275/2021, പൊ.വി.വ പരിശോധിക്കുമ്പോൾ ശ്രീ.ശിവരാമകൃഷ്ണൻ എൻ ബിരുദധാരി ആയതിനാൽ യു.പി.എസ്.ടി ആയ ശ്രീ.ശിവരാമകൃഷ്ണനെ എൽ.പി.എസ്.ടി. കാറ്റഗറിയിലേക്ക് മാറ്റണമെന്ന മാനേജരുടെ ആവശ്യം പരിഗണിക്കാൻ കഴി1യില്ല. മേൽ സാഹചര്യത്തിൽ വ്യവസ്ഥാപിതമായ ഒഴിവ് യു പി എസ് ടി തസ്തികയിൽ ഇല്ലാത്തതിനാൽ 15.7.2021 മുതലുള്ള ശ്രീമതി ശ്രീലക്ഷ്മി.കെ. യെ മാനേജർ നിയമിച്ചത് ഉത്തരവ് നമ്പർ ബി/59835/2024 തീയതി 20/6/2024 പ്രകാരം വീണ്ടും ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിന്നും നിരസിച്ചു നൽകിയിരുന്നു.

പിന്നീട് യു.പി.എസ്.ടി ആയിരുന്ന ശ്രീ.ശിവരാമകൃഷ്ണൻ 1.4.2024 മുതൽ പ്രധാനാധ്യാപകനായി സ്ഥാനക്കയറ്റം ലഭിച്ചതിനാൽ ഉണ്ടായ ഒഴിവിൽ 3.6.2024 മുതൽ ശ്രീമതി. ശ്രീലക്ഷ്മി കെ - യെ യു പി എസ് ടി തസ്തികയിൽ നിയമിച്ചു. നിയമനം അംഗീകാരത്തിനായി മാനേജർ സമർപ്പിച്ചിരുന്നു. ഈ നിയമനം ഉത്തരവ് നമ്പർ ബി/755266/2024 തീയതി 28.10.2024 പ്രകാരം ഉപജില്ലാ കാര്യാലയത്തിൽ നിന്നും 29/2023 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷി സംവരണ വ്യവസ്ഥയിന്മേൽ ദിവസവേതന അടിസ്ഥാനത്തിൽ 3.6.2024 മുതൽ അംഗീകരിച്ചു നൽകിയിട്ടുണ്ട്.

<u>ശ്രീമതി. ധന്യ പി.വി., യു.പി.എസ്.ടി.</u>

പാലക്കാട് NTUPS സ്കൂളിൽ 31.05.2021 ന് UPST ആയ ശ്രീമതി. ഉഷ സി വിരമിച്ച ഒഴിവിലേക്ക് UPST ആയി ശ്രീമതി. ധന്യ പി. വി. യെ 15/07/2021 മുതൽ നിയമിച്ചു അംഗീകാരത്തിന് സമർ പ്പിച്ചു. 2019-2020 വർഷത്തിൽ ഈ സ്കൂൾ അൺ എക്കണോമിക് ആയതിനാൽ 2019-20 വർഷത്തെ തസ്തിക നിർണ്ണയം 2020-21, 2021-22 വർഷങ്ങളിലും തുടരുന്നതിനാൽ പാലക്കാട് ഉപജില്ലാ വിദ്യാഭ്യാസ ആഫീസിലെ ഉത്തരവ് നമ്പർ എഫ്/13285/2021/കെഡിസ് തീയതി :23/09/2021 പ്രകാരം നിയമനം നിരസിച്ച് ഉത്തരവായിരുന്നു. പാലക്കാട് ഉപജില്ലാ വിദ്യഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് അപ്പീൽ നൽകിയിരുന്നെങ്കിലും പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ നടപടി ഉത്തരവ് നമ്പർ B4/195565/2021 തീയതി 15/03/2022 പ്രകാരം മേൽ കാരണം കൊണ്ട് തന്നെ അപ്പിൽ നിരസിച്ചു ഉത്തരവായി.

പിന്നീട് ശ്രീമതി. ധന്യ പി.വി - യുടെ യു.പി.എസ്.ടി തസ്തികയിലേക്കുള്ള നിയമനം 24/3/2023 ലെ സ.ഉ.(പി)29/2023/പൊ.വി. വകുപ്പ് നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിലും, 2/05/23 ലെ സർക്കാർ ഉത്തരവ് 51/23 ലെയും വ്യവസ്ഥകൾക്ക് വിധേയമായും ഈ നിയമനം 15/07/21 മുതൽ 14/07/22 വരെ 955/- രൂപാ ദിനവേതനത്തിലും 15/07/22 മുതൽ 35600/- അടിസ്ഥാന ശമ്പളത്തിൽ 35600-75400 ശമ്പളസ്കെയിലിൽ പരിവീക്ഷ/വാർഷിക വർദ്ധനവ് എന്നിവ ഭിന്ന ശേഷി ഉദ്യോഗാർത്ഥിയുടെ ജോലി പ്രവേശം/തുടർ സർക്കാർ ഉത്തരവുകൾക്ക് വിധേയമായിരിക്കും എന്ന വ്യവസ്ഥയോടെ അംഗീകരിച്ചു നൽകിയിരുന്നു.

2019-20 വർഷത്തെ തസ്തിക നിർണ്ണയ ഉത്തരവ് പ്രകാരം പാലക്കാട് NTUPS സ്കൂളിൽ 2 UPST തസ്തികകൾ മാത്രമാണ് വ്യവസ്ഥാപിതമായി ഉണ്ടായിരുന്നത്. നിയമന തീയതിയായ 15/07/2021 തീയതിയിൽ നിയമനാംഗീകാരം ഉള്ള ശ്രീമതി ഫിലോമിന, ശ്രീ. ശിവരാമകൃഷ്ണൻ എന്നിവർ സ്കൂളിൽ തുടരുന്നതിനാലും പ്രധാനാധ്യാപക തസ്തികയിൽ ബിന്ദു രാഘവൻ നില നിൽക്കുന്നതിനാലും വ്യവസ്ഥാപിതമായ ഒഴിവു യു പി എസ് ടി തസ്തികയിൽ ഇല്ല.

2019-20 വർഷത്തെ തസ്തികനിർണയുമായി ബന്ധപ്പെട്ട മാനേജർ സർക്കാരിന് സമർപ്പിച്ച റിവിഷൻ അപ്പീലിന്മേൽ പൊതുവിദ്യാഭ്യാസ ജോയിന്റ് ഡയറക്ടറുടെ നടപടി ഉത്തരവ് നം.ആർ.എ.1/18856/23/DGE തിയ്യതി: 20/12/2023 പ്രകാരം 2019-20 വർഷത്തെ തസ്തിക

നിർണ്ണയം 2020-21, 2021-22 വർഷങ്ങളിലും തുടരുന്നതിനാലും, എൽ പി എസ് ടി തസ്തികയിൽ നിന്നും HM പ്രൊമോഷൻ നൽകുമ്പോൾ അനന്തരഫലമായി ഉണ്ടാകുന്ന താഴ്ന്ന തസ്തികകൾ റെജിമോൾ Vs AEO KLT no: 2004. 1(2) KLT 8 എന്നീ ഹൈക്കോടതി വിധി ന്യായപ്രകാരം 2022-23 വർഷം മുതൽ എൽ പി എസ് ടി തസ്തികയിൽ നിന്നും HM പ്രൊമോഷൻ നല്കിയിട്ടുള്ളത് എങ്കിൽ, എൽ.പി.യിൽ നിലനിൽക്കാനുള്ള വ്യവസ്ഥാപിത ഒഴിവ് ലഭ്യമാണെന്ന് പരിശോധിച്ച് ഉറപ്പുവരുത്തി, പ്രസ്തുത അദ്ധ്യാപിക റിട്ടയർ ചെയ്യുന്നവരെ (DOR:31.03.2024) പ്രധാനാധ്യാപക തസ്തിക എൽ പി യിൽ ക്രമീകരിച്ചു നൽകുവാൻ നിർദ്ദേശിച്ചു ഉത്തരവായിരുന്നു. 2019-20ലെ തസ്തിക നിർണ്ണയം തന്നെ 2021-22 ലും തുടരുന്നതിനാലും, പ്രസ്തുത കാലയളവിലെ പ്രധാനാധ്യാപകർ റിട്ടയർ ചെയ്തതിനാലും, പ്രസ്തുത കാലയളവിൽ പ്രധാനാധ്യാപക തസ്തിക മാറ്റി നൽകാൻ കഴിയില്ല എന്നും ഉത്തരവിൽ പറയുന്നു. ആയതനുസരിച്ചു ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ പുതുക്കിയ തസ്തിക നിർണ്ണയ ഉത്തരവ് നമ്പർ ബി/120850/2024/കെ ഡിസ്. തീയതി 31/01/2024 പ്രകാരം 2022-23 വർഷത്തെ തസ്തിക നിർണ്ണയം പുതുക്കി HM തസ്തിക എൽ പി യിൽ നിലനിർത്തി 3 UPST തസ്തിക അനുവദിച്ചു ഉത്തരവായിരുന്നു. സർക്കാർ ഉത്തരവിലെ നിർ ദേശാനുസരണം **പരാമർശം (4)** ഉത്തരവ് നമ്പർ B/703832/2024 തീയതി 26/02/2024 പ്രകാരം പ്രധാന അധ്യാപിക തസ്തിക എൽ പി വിഭാഗത്തിലേക്ക് മാറിയത് മൂലമുണ്ടായ ഒഴിവിൽ ധന്യ പി. വി - യുടെ യു പി എസ് ടി തസ്തികയിലേക്കുള്ള നിയമനം 15/07/22 മുതൽ ഭിന്നശേഷി ഉദ്യോഗാർത്ഥി LPST തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന വ്യവസ്ഥക്ക് വിധേയമായി 955/- രൂപ ദിന വേതനാടിസ്ഥാനത്തിൽ അംഗീകരിച്ചു ഉത്തരവായി. 2019-20 ലെ തസ്തികനിർണയം തന്നെ 2021-22 ലും തുടരുന്നതിനാലും പ്രസ്തുത കാലയളവിലെ പ്രധാന അധ്യാപകർ റിട്ടയർ ചെയ്തതിനാലും പ്രസ്തുത കാലയളവിൽ പ്രധാനാധ്യാപക തസ്തിക മാറ്റി നൽകാൻ കഴിയില്ല എന്നും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഉത്തരവിൽ പറയുന്നു.

ശ്രീമതി. ഫിലോമിന ഇ., ശ്രീമതി. ഉഷ സി എന്നീ അധ്യാപകർ തസ്തിക നഷ്ടപ്പെട്ടു സംരക്ഷണാനുകൂല്യത്തോടെ പുറത്തു പോയിരുന്നു. 05.06.2017 ന ശ്രീമതി. ഫിലോമിന മാതൃവിദ്യാലയത്തിൽ തിരികെ പ്രവേശിച്ചു. എസ്.എസ്.എൽ.സി., TTC യോഗ്യതയാണ് ശ്രീമതി. ഫിലോമിന ഇ -യ്ക്ക് ഉള്ളത്. ശ്രീമതി. ഫിലോമിന ഇ തസ്തിക നഷ്ടപ്പെട്ട് പുറത്തു പോവുന്നതിനു മുൻപ് അസിസ്റ്റന്റ് ടീച്ചർ എന്ന തസ്തികയിലും മാതൃവിദ്യാലയത്തിൽ തിരികെ പ്രവേശിച്ചപ്പോൾ യു.പി.എസ്.ടി തസ്തികയിലുമാണ് നിലനിർത്തിയിരിക്കുന്നത് എന്ന് കാണുന്നു. കാറ്റഗറി മാറ്റം ഉപജില്ലാ വിദ്യാഭ്യാസ ആഫീസിൽ നിന്നും അനുവദിച്ചു നൽകിയിട്ടില്ല. ശ്രീമതി. ഉഷ സി തസ്തിക നഷ്ടപ്പെട്ടു പുറത്തു പോവുന്നതിനു മുൻപും മാതൃവിദ്യാലയത്തിൽ തിരികെ പ്രവേശിച്ചപ്പോഴും യു.പി.എസ്.ടി തസ്തികയിലാണെന്ന് കാണുന്നു. ശ്രീമതി. ഫിലോമിന ഇ യുടെ റിട്ടയർമെന്റ് ഒഴിവാണ് മാനേജർ ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി മാറ്റിവച്ചിരിക്കുന്നത് എന്നും അറിയിക്കുന്നു.

2019-20 തസ്തിക നിർണയ ഉത്തരവ് പ്രകാരം ഈ സ്കൂൾ അനാദായകരമായ സ്കൂളുകളുടെ വിഭാഗത്തിൽപെടുന്നതാണ്. 2019-20 ലെ തസ്തിക നിർണ്ണയം **പരാമർശം (4)** ന്നെ 2020-21, 2021-22 ലും തുടരുന്നതിനാലും സ്റ്റാഫ് പാറ്റേൺ 2021-22 മുതൽ താഴ്ന്ന തസ്തികകൾ റെജിമോൾ VS AEO KLT no: 2004. (2) KLT 8 എന്നീ ഹൈക്കോടതി വിധി ന്യായപ്രകാരം അനുവദിച്ചു നൽകണമെന്ന ആവശ്യത്തിന്മേൽ സർക്കാർ തലത്തിൽ തീരുമാനമാകേണ്ടതാണെന്ന്

പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തു.

6 . സർക്കാർ ഈ വിഷയം ഹർജിക്കാരുടെ വാദങ്ങൾ, സമർപ്പിച്ച രേഖകൾ, പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട്, നിലവില ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. 2019-20 വർഷം മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളാണ് തൊണ്ടികുളം എൻ.ടി.യു.പി. സ്കൂൾ. 2019-20 വർഷത്തെ തസ്തിക നിർണ്ണയം തന്നെ 2020-2021, 2021-2022 അധ്യയന വർഷങ്ങളിൽ തുടർന്നതിനാൽ ആറാം പ്രവൃത്തിദിനത്തിലെ പരിശോധന നടത്തുകയോ തസ്തിക നിർണ്ണയം നടത്തുകയോ ചെയ്തിട്ടില്ലെന്നതു കണക്കിലെടുത്ത് 2019-20 വർഷത്തെ തസ്തിക നിർണയം പ്രകാരം മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളെ 2020-2021, 2021-2022 അധ്യയന വർഷങ്ങളിലും മതിയായ എണ്ണം കുട്ടികളില്ലാത്ത സ്കൂളുകളുടെ ഗണത്തിൽ ഉൾപ്പെടുത്തി ഒഴിവുകളിൽ ദിനവേതന അടിസ്ഥാനത്തിൽ മാത്രമേ നിയമനാംഗീകാരം നൽകാൻ നിലവിൽ സാധിക്കുകയുള്ളുവെന്നും, പ്രസ്തുത സ്കൂളുകളിൽ 2022-23 മുതൽ തസ്തികനിർണ്ണയം നടത്തുമ്പോൾ മതിയായ എണ്ണം കുട്ടികൾ ലഭ്യമാണെങ്കിൽ ടി വർഷം മുതൽ ശമ്പള സ്കെയിലിൽ അംഗീകാരം നൽകാവുന്നതാണെന്നും 27/06/2024 തീയതിയിലെ ജെ.എ.1/41/2024/പൊ.വി.വ. പ്രകാരം സർക്കാർ ഇക്കാര്യത്തിൽ പൊതുവായ തീരുമാനം കൈക്കൊണ്ടിട്ടുള്ളതാണ്. മേൽ സാഹചര്യത്തിൽ, 15/07/2021 - ൽ ടി വിദ്യാലയം 251 കുട്ടികളോടെ മതിയായ എണ്ണം കുട്ടികളുള്ള വിദ്യാലയമായി മാറിയെന്ന ഹർജിക്കാരുടെ വാദം പരിഗണനാർഹമല്ല.

റെജിമോൾ കേസിന്റെ അടിസ്ഥാനത്തിൽ 2019-20 മുതൽ സ്റ്റാഫ് ഫിക്സേഷൻ ക്രമീകരിച്ച് ഉത്തരവാകണമെന്നതാണ് ഹർജിക്കാരുടെ മറ്റൊരാവശ്യം. 2019-20 ലെ തസ്തിക നിർണ്ണയ ഉത്തരവിൽ റെജിമോൾ കേസ് അനുകരിക്കാതെ നടത്തിയ സ്റ്റാഫ് പാറ്റേൺ എച്ച്.എം - 1, യു.പി.എസ്.ടി -2, എൽ.പി.എസ്.ടി-4 എന്നിങ്ങനെയാണെന്നും, 2019-20 ൽ പ്രധാനാദ്ധ്യാപികയായിരുന്ന ശ്രീമതി. കൃഷ്ണ1പ്രസാദിനി (എൽ.പി.എസ്.ടി), ഏപ്രിൽ, മെയ് മാസങ്ങളിൽ പ്രധാനാദ്ധ്യാപികയായിരുന്ന ശ്രീമതി. ബീന ജോൺ, 2020-22 ൽ പ്രധാനാദ്ധ്യാപികയായിരുന്ന ശ്രീമതി. ബിന്ദു രാഘവൻ എന്നിവരെല്ലാം എൽ.പി.എസ്.ടി - മാർ ആയിരുന്നുവെന്നും, ഇവരെയെല്ലാം റെജിമോൾ കേസിന്റെ അടിസ്ഥാനത്തിൽ അവർ എച്ച്.എം ആയിരുന്ന കാലയളവിൽ എൽ.പി.എസ്.ടി മാരായിത്തന്നെ കണക്കാക്കി 2019-20 മുതൽക്ക് ക്രമീകരിച്ച് ഉത്തരവാകണം എന്നതാണ് ആവശ്യം. മേൽ പറഞ്ഞ അധ്യാപകരെല്ലാം വിരമിച്ചിട്ടുള്ള സാഹചര്യത്തിലും, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20/12/2023 തീയതിയിലെ ആർ.എ.1/18856/2023 ഉത്തരവ് പ്രകാരം 2022-2023 വർഷത്തിൽ അപ്രകാരമുള്ള ക്രമീകരണം നടത്തിയിട്ടുള്ളതിനാലും, റെജിമോൾ കേസിന്റെ അടിസ്ഥാനത്തിലുള്ള പൊതുവായ ഒരു നിർദ്ദേശം സർക്കാർ നൽകിയിട്ടുള്ളത് 20/06/2025 തീയതിയിലെ ജെ.എ.1/270/2023/പൊ.വി.വ. സർക്കുലർ പ്രകാരം മാത്രമായതിനാലും, ഹർജിക്കാരുടെ ടി ആവശ്യവും പരിഗണനാർഹമല്ല.

കൂടാതെ, ഈ സ്കൂളിൽ നിന്നും പുനർ വിന്യസിക്കപ്പെട്ട് പുറത്തുപോയവരും മാതൃവിദ്യാലയത്തിൽ തിരികെ വന്നവരുമായ ശ്രീമതി ഉഷ.കെ (യു.പി.എസ്.ടി.), ശ്രീമതി ഫിലോമിന ഇ. എ (എൽ.പി.എസ്.ടി.) എന്നീ രണ്ട് അദ്ധ്യാപകരെ അവരുടെ യഥാർത്ഥ

തസ്തികകളിൽ നിലനിർത്തണമെന്ന ആവശ്യം, ഇപ്രകാരമുള്ള കാറ്റഗറി മാറ്റം വിദ്യാഭ്യാസ ഓഫീസർമാർ അംഗീകരിച്ച് നൽകിയിട്ടില്ലാത്ത സാഹചര്യത്തിലും, ടി അധ്യാപികമാർ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ള സാഹചര്യത്തിലും പരിഗണനാർഹമല്ല.

7 . മേൽ സാഹചര്യത്തിൽ, 2019-20 വർഷം മതിയായ എണ്ണം കുട്ടികളില്ലാത്ത തൊണ്ടികുളം എൻ.ടി.യു.പി സ്കൂളിനെ 15/07/2021 - ൽ ടി വിദ്യാലയം 251 കുട്ടികളോടെ മതിയായ എണ്ണം കുട്ടികളുള്ള വിദ്യാലയമായി മാറിയെന്ന ഹർജിക്കാരുടെ വാദം പരിഗണനാർഹമല്ലാത്തതിനാലും, 2019-20 ലെ തസ്തിക നിർണ്ണയ ഉത്തരവിൽ റെജിമോൾ കേസ് അനുകരിക്കാതെ നടത്തിയ സ്റ്റാഫ് പാറ്റേൺ പ്രകാരം, 2019-20 ൽ പ്രധാനാദ്ധ്യാപികയായിരുന്ന ശ്രീമതി. കൃഷ്ണപ്രസാദിനി (എൽ.പി.എസ്.ടി), ഏപ്രിൽ, മെയ് മാസങ്ങളിൽ പ്രധാനാദ്ധ്യാപികയായിരുന്ന ശ്രീമതി. ബീന ജോൺ, 2020-22 ൽ പ്രധാനാദ്ധ്യാപികയായിരുന്ന ശ്രീമതി. ബിനു രാഘവൻ എന്നിവരെല്ലാം എൽ.പി.എസ്.ടി.മാർ ആയിരുന്നുവെന്നും, മേൽ പറഞ്ഞ അധ്യാപകരെല്ലാം വിരമിച്ചിട്ടുള്ള സാഹചര്യത്തിലും, പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 20/12/2023 തീയതിയിലെ ആർ.എ.1/18856/2023 ഉത്തരവ് പ്രകാരം റെജിമോൾ കേസിന്റെ അടിസ്ഥാനത്തിലുള്ള ക്രമീകരണം 2022-2023 വർഷത്തിൽ നടത്തിയിട്ടുള്ളതിനാലും, വിരമിച്ച അധ്യാപകരെ അവർ എച്ച്.എം. ആയിരുന്ന കാലയളവിൽ എൽ.പി.എസ്.ടി മാരായിത്തന്നെ കണക്കാക്കി 2019-20 മുതൽക്ക് ക്രമീകരിച്ച് ഉത്തരവാകണം എന്ന ആവശ്യം പരിഗണനാർഹമല്ലാത്തതിനാലും ശ്രീമതി. ഉഷ കെ. (യു.പി.എസ്.ടി.), ശ്രീമതി. ഫിലോമിന ഇ. എ. (എൽ.പി.എസ്.ടി.) എന്നീ സർവ്വീസിൽ നിന്നും വിരമിച്ചിട്ടുള്ള അദ്ധ്യാപകരുടെ കാറ്റഗറി മാറ്റം വിദ്യാഭ്യാസ ഓഫീസർമാർ അംഗീകരിച്ച് നൽകിയിട്ടില്ലാത്തതിനാലും ശ്രീമതി. ശ്രീലക്ഷ്മി കെ. സമർപ്പിച്ച പരാമർശം (1) പുന:പരിശോധന ഹർ ജി, ശ്രീമതി. ധന്യ പി.വി. സമർപ്പിച്ച പരാമർശം (2) പുന:പരിശോധന ഹർജി എന്നിവ നിരസിച്ചുകൊണ്ട്, അപ്രകാരം WP(C) No. 9948/2025 ലെ പരാമർശം (3) വിധിന്യായത്തിലെ നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പകർപ്പ്:

അഡ്വക്കേറ്റ് ജനറൽ (ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട് - 678 001.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
മാനേജർ, എൻ.ടി.യു.പി. സ്കൂൾ, തൊണ്ടിക്കുളം, പാലക്കാട് - 678 004.
ശ്രീമതി. ശ്രീലക്ഷ്മി കെ., യു.പി.എസ്.ടി., എൻ.ടി.യു.പി. സ്കൂൾ, തൊണ്ടിക്കുളം, പാലക്കാട് - 678 004.
ശ്രീമതി. ധന്യ പി.വി., യു.പി.എസ്.ടി., എൻ.ടി.യു.പി. സ്കൂൾ, തൊണ്ടിക്കുളം, പാലക്കാട് - 678 004.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.

പൊതുവിദ്യാഭ്യാസ (ജെ.എ.) വകുപ്പ് (31/12/2025 തീയതിയിലെ GE-JA1/614/2025-G.EDN കുറിപ്പ് പ്രകാരം).

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by

Meera S S

Date: 04-02-2026 18:11:06